എംപ്ലോയിമെൻറ് എക്സ്ചേഞ്ചു്.

* 144. [28] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 മേയ്മാസം 30-ാംതീയതി വരെ സംസ്ഥാനത്തെ എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൽ എത്രപേർ അവരുടെ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) 1953-54-ൽ പേരു രജിസ്റ്റർചെയ്തവരുടെ എണ്ണം എത്ര?

(സി) അതിൽ എത്രപേർക്കു് തൊഴിൽ കിട്ടിയിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 108464 ;

(ബി) 25033 ;

(സി) 3838.

സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ.

* 145. [29] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തു് ആകെ എത്ര സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടു് ;

(ബി) എതെല്ലാം ;

(സി) അവയിൽ വർഷംതോറും ശരാശരി എത്ര കുട്ടികൾ പഠിക്കുന്നുണ്ടു് ;

(ഡി) ഈ വർഷം അങ്ങനെയുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 17;

(ബി) സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു ;

(സി) 2123 ;

(ഡി) 2032.

WRITTEN ANSWERS

സെൻട്രൽ വർക്സ് കമ്മിറ്റി അംഗീകരിച്ച പണികൾ.

* 146. [30] ശ്രീ. കെ. ടി. തോമസ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ വർക്സ് കമ്മിറ്റി അംഗീകരിച്ച പണികൾ സബ്ഡിവിഷൻ കമ്മിറ്റികളടി അംഗീകരിക്കണമെന്നു് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

* Please see Appendix VI.

LIBRARY ARCHIVES Kerala Legislative Assembly